**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2804** **06.02.2018-ൽ മറുപടിക്ക്**

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, എൻ. വിജയൻ പിള്ള<br>,, കെ.ജെ. മാക്സി<br>,, പി.ടി.എ. റഹീം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും പദ്ധതിയിൽ നിലവിൽ അംഗമായവർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;<br>(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. ഇതുവരെ 103094 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ തൊഴിലാളികളെയും പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിനുള്ള ഊർജ്ജിതശ്രമമാണ് നടന്നു വരുന്നത്. തിരിച്ചറിയൽ കാർഡ് ലഭിക്കുന്ന തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നത്. |

സെക്ഷൻ ഓഫീസർ.